## സ്വന്തമായി ഭവനം ഇല്ലാത്ത ആദിവാസി കുടുംബങ്ങൾ

265 (3926) ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ആദിവാസി കുടുംബങ്ങളാണ് നിലവിൽ ഉള്ളത് ;

(ബി) അവയിൽ സ്വന്തമായി ഭവനം ഇല്ലാത്ത എത്ര കുടുംബങ്ങളാണ് ഉള്ളത് ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2008-ലെ സർവ്വേ പ്രകാരം 107965 പട്ടികവർഗ്ഗ കുടുംബങ്ങൾ കേരളത്തിലുണ്ട്.

(ബി) സ്വന്തമായി ഭവനമില്ലാത്ത 12935 കുടുംബങ്ങളുണ്ട്.

(സി) ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അടുത്ത 18 മാസങ്ങൾക്കുള്ളിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി സമഗ്ര ഭവന നിർമ്മാണ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

## സ്വന്തമായി വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ

266 (3927) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര പട്ടികവർഗ്ഗകുടുംബങ്ങൾ അധിവസിക്കുന്നുണ്ട് ;

(ബി) അതിൽ എത്ര പേർക്ക് നിലവിൽ സ്വന്തമായി വീടുണ്ട് ; സ്വന്തമായി വീടില്ലാത്ത മുഴുവൻ പേർക്കും വീടുവെച്ചു നൽകുന്നതിന് ഏതെങ്കിലുംപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2008-ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്താകെ 107965 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്.

(ബി) ഇതിൽ 12935 പേർ ഭവന രഹിതരായുണ്ട്. മിഷൻ 676-ൽ ഉൾപ്പെടുത്തി അടുത്ത 18 മാസങ്ങൾക്കുള്ളിൽ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly